# തെരുവുകളിലാണ് ഇനി രാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷ

മാദ്ധ്യമങ്ങളും ജുഡീഷ്യറിയും ജനാധിപത്യത്തെ രക്ഷപ്പെടുത്തും എന്ന് ഒരു പ്രതീക്ഷയും എനിക്കില്ല. തെരുവുകളിലാണ് ഇനി ഈ രാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷ. ജനങ്ങൾ എന്ന് തെരുവിലേക്ക് വരുന്നോ അന്നുമുതൽ മാറ്റങ്ങൾ കണ്ടുതുടങ്ങും. നരേന്ദ്രമോദിയെ താഴെയിറക്കിയതുകൊണ്ട് മാത്രം ഈ ജനാധിപത്യം രക്ഷപ്പെടില്ല. കാരണം പകരം അധികാരത്തിൽ വരാൻ കാത്തുനിൽക്കുന്നവരാരും ഈ ജനാധിപത്യത്തോട് കൂറുള്ളവരല്ല.

**ജോസി ജോസഫ്**

**1947** ആഗസ്റ്റ് 15ന് സ്വതന്ത്രമായ, ഇന്ത്യ എന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം ഒരു അപൂർവ്വ സംഭവമാണ്. അതിനുമപ്പുറം കഴിഞ്ഞ 70,000 വർഷമായി തുടരുന്ന ആധുനിക മനുഷ്യരുടെ ചരിത്രത്തിലെ ഏറ്റവും വലിയ സാമൂഹ്യ-രാഷ്ട്രീയ-നരവംശ ശാസ്ത്ര പരീക്ഷണമാണ് ഇന്ത്യ. ആ പരീക്ഷണത്തിന്റെ തുടക്കം കൂടിയായിരുന്നു 1947 ആഗസ്റ്റ് 15ലെ സ്വാതന്ത്ര്യം. ഇത്രയധികം ഭാഷകളും വംശങ്ങളും ഒരുമിച്ച്, വളരെ സമാധാനപൂർവ്വം ജീവിക്കാൻ കഴിയുമോ എന്ന പരീക്ഷണത്തിന്റെ തുടക്കം. ആ പരീക്ഷണം ഇപ്പോൾ 70 വർഷം പിന്നിട്ടിരിക്കുകയാണ്. ആ പരീക്ഷണത്തിനായി അന്നത്തെ നേതൃത്വങ്ങൾ ലോകത്തിലെ ഏറ്റവും വലിയ ഭരണഘടന തന്നെ എഴുതിയുണ്ടാക്കി. അങ്ങനെ എഴുതപ്പെട്ട ഒരു ഭരണഘടനയെ മുൻനിർത്തി, ഇത്രയും diverse ആയ ഒരു സമൂഹത്തിന് സമാധാനപൂർവ്വം ജീവിക്കാൻ കഴിയുമോ എന്ന രാഷ്ട്രീയ പരീക്ഷണമായാണ് ഞാൻ ഇന്ത്യയെ വിലയിരുത്തുന്നത്. അല്ലാതെ നിശ്ചിതമായ മാതൃകകളും ഒരിക്കലും മാറാൻ കഴിയാത്ത അതിർത്തികളുമുള്ള ഒരു നേഷൻ സ്റ്റേറ്റായി നമ്മൾ പൂർണ്ണമായും രൂപം കൊണ്ടിട്ടില്ല. ഇന്ത്യ എന്ന ആ പരീക്ഷണം പല രൂപത്തിലുള്ള വെല്ലുവിളികളെയും നേരിട്ടു. യുദ്ധം, അടിയന്തിരാവസ്ഥ എന്നിങ്ങനെ നീളുന്ന വെല്ലുവിളികൾ ഇപ്പോൾ പുതിയ രൂപത്തിൽ എത്തി നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ നിന്നാണ് ജനാധിപത്യത്തിന് പതനമുണ്ടായോ, സ്വതന്ത്ര മാദ്ധ്യമങ്ങൾ മരിച്ചുകഴിഞ്ഞോ എന്നെല്ലാം വിലയിരുത്തേണ്ടത്.

നിരാശകൊണ്ട് മുഖ്യധാരാ മാദ്ധ്യമ പ്രവർത്തനം അവസാനിപ്പിച്ചയാളാണ് ഞാൻ. അതുകൊണ്ടുതന്നെ സ്വതന്ത്ര മാദ്ധ്യമങ്ങൾ മരിച്ചോ എന്നു പറയുന്നതിനുള്ള ധാർമ്മികമായ ആധികാരികത എനിക്കില്ല. പക്ഷെ ജനാധിപത്യത്തിന്റെ വക്താവ് എന്ന നിലയിൽ ചില കാര്യങ്ങൾ പറയാനുണ്ട്. നരേന്ദ്ര മോദിയുടെ രണ്ടാം വരവിനെ ഒരു ഏകാധിപതിയുടെ വളർച്ചയായാണ് നമ്മൾ കാണുന്നത്. ഇതോടെ ജനാധിപത്യം പൂർണ്ണമായും തകർന്നു എന്നതാണ് ഇവിടെ കേൾക്കുന്ന നറേറ്റീവ്, പ്രത്യേകിച്ച് മലയാളം മാദ്ധ്യമങ്ങളിൽ. അത് ശാസ്ത്രീയമായ നിരീക്ഷണമല്ല എന്ന് വാദിക്കുന്ന ആളാണ് ഞാൻ. നരേന്ദ്ര മോദി എന്ന നേതാവ് ഇത്രയും ഭൂരിപക്ഷത്തോടെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് എത്തിയെങ്കിൽ അതിന് കാരണം ജനാധിപത്യത്തിലെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. മോദി ആ സ്ഥാപ


കേരളീയം 11ാമത്
ബിജു.എസ്. ബാലൻ
അനുസ്മരണ പ്രഭാഷണം

നങ്ങളെ തകർക്കുകയല്ല ഉണ്ടായത്. തകർന്നു കൊണ്ടിരിക്കുന്ന ആ സ്ഥാപനങ്ങളിലൂടെ കട ന്നുവന്ന അവസാനത്തെ കണ്ണി മാത്രമാണ് മോദി. ഉദാഹരണമായി ജുഡീഷ്യറിയുടെ കാ ര്യം നോക്കുക. സുപ്രീം കോടതിയും ഹൈ ക്കോടതിയും എങ്ങനെയാണ് തീരുമാനങ്ങളെ ടുക്കുന്നതെന്ന് നമുക്ക് വ്യക്തമല്ല. ജനങ്ങ ളിൽ നിന്നും ഏറെ അകലെയാണ് അത്. പാർലമെന്റ് വെറും ഒരു സ്റ്റേജ് ആയി മാറി യിരിക്കുന്നു. ദലിത് പ്രാതിനിധ്യം വളരെ കുറ ഞ്ഞ മാദ്ധ്യമരംഗം. സി.എ.ജി പുറത്തിറക്കു ന്ന ഓഡിറ്റ് റിപ്പോർട്ടുകൾ വലിയ വാർത്തയാ യി വരാറുണ്ട്. പക്ഷെ ആ റിപ്പോർട്ടുകൾ പഠിക്കുന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികൾ

ഞങ്ങൾ വായനക്കാരെയും പരസ്യങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു പരസ്യക്കമ്പനിയാണെന്ന് ടൈംസ് ഓഫ് ഇന്ത്യയുടെ മുതലാളി വിനീത് ജെയിൻ അടുത്തിടെ തുറന്നു പറയുകയുണ്ടായല്ലോ. അത്തരം ഒരുപാട് പരസ്യ കമ്പനികൾ ഉള്ള നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. അവർ ക്ക് സ്വാഭാവികമായും അധികാരത്തെ ചോദ്യം ചെയ്യാൻ പേടിയാണ്. അതുകൊണ്ടാണ് നരേന്ദ്രമോദിക്കുവേണ്ടി അവർ നുണപ്രചരിപ്പിക്കുന്നത്. വിദ്വേഷം ഇളക്കിവിടുന്നത്.

അതിൽ എന്ത് ശുപാർശ ചെയ്തെന്നോ, ആ ശുപാർശകളിൽ സർക്കാർ എന്തെല്ലാം നടപ ടികളെടുത്തെന്നോ നമുക്ക് അറിയില്ല. സർ ക്കാർ നടപടികളൊന്നും എടുക്കുന്നില്ല എന്ന താണ് വാസ്തവം.

ഒരുവശത്ത് നമുക്കുള്ളത് upper class oligarchy നിലനിൽക്കുന്ന മാദ്ധ്യമങ്ങളും ജു ഡീഷ്യറിയും. മറുവശത്ത് ഒട്ടും അക്കൗണ്ട ബിൾ അല്ലാത്ത പാർലമെന്ററി ഡെമോക്രസി. വളരെ ദുർബലമായ സ്ഥാപനങ്ങളുള്ള ഒരു ജനാധിപത്യ സംവിധാനമായി നമ്മൾ മാറിയി രിക്കുന്നു. 1991ൽ വിപണി തുറക്കപ്പെട്ടതിന് ശേഷം എല്ലാ സർക്കാരുകളും ഈ സാഹച ര്യത്തിലാണ് ഭരണം നിർവഹിക്കുന്നത്. അവി ടേക്കാണ് നരേന്ദ്ര മോദി എന്ന പുതിയ നേ താവ് കടന്നുവരുന്നത്. അദ്ദേഹം മെജോറിറ്റേ റിയൻ സ്റ്റേറ്റിന്റെ വക്താവ് മാത്രമാണോ? ഹി ന്ദുത്വവാദി മാത്രമാണോ? എനിക്ക് തോന്നുന്ന ത്, അദ്ദേഹം മെജോറിറ്റേറിയൻ സ്റ്റേറ്റിന്റെ ആ ഖ്യാനത്തെ സ്വീകരിക്കുകയും വലിയ സാമ്പ ത്തിക സ്രോതസ്സുള്ള ബി.ജെ.പി എന്ന രാഷ് ട്രീയപാർട്ടിയുടെ പിന്തുണയോടെ മാരകമായ ഒരു അധികാരരൂപം ഉണ്ടാക്കിയെടുത്തിരിക്കു കയുമാണ് എന്നാണ്. അവർ നേടിയെടുക്കു ന്ന കോർപ്പറേറ്റ് ഫണ്ടിംഗിന് മുന്നിൽ കോൺ ഗ്രസ് അടക്കമുള്ള ഒരു പാർട്ടിക്കും പിടിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കു കയാണ്. ബി.ജെ.പിയെ സംബന്ധിച്ച് ഒരുപാ ട് ബിസിനസ്സുകാരുടെ സഹായം അവർക്ക് ഇ ന്ന് ആവശ്യമില്ല. ഒരു അദാനിയോ അംബാനി യോ മതിയാകും അവരുടെ കാര്യങ്ങൾ നട ന്നുപോകാൻ. ഓപ്പൺ മാർക്കാണ് ഇന്ത്യയുടേ ത് എന്ന് പറയുകയും മാർക്കറ്റ് ഇക്കോണമി ചുരുക്കം ചില ആളുകളുടെ കൈകളിലേക്ക് ചുരുങ്ങുകയുമാണ് സംഭവിക്കുന്നത്. അതാ ണ് മാദ്ധ്യമരംഗത്തും സംഭവിക്കുന്നത്. ഇതാ ണ് നമ്മൾ എത്തിച്ചേർന്നിരിക്കു ന്ന വലിയ വിപത്ത്. ഇന്ത്യൻ മാ ദ്ധ്യമരംഗത്തെ ഏറ്റവും വലിയ ബിസിനസ്സ് ഗ്രൂപ്പാണ് ടൈംസ് ഓ ഫ് ഇന്ത്യ. നാല് വർഷമായി ന രേന്ദ്രമോദിയെ അവരുടെ ഒരു പ രിപാടിയിൽ പങ്കെടുപ്പിക്കുന്നതി നായി ശ്രമിച്ചിട്ട് ടൈംസ് ഓഫ് ഇ ന്ത്യയ്ക്ക് കഴിഞ്ഞില്ല. ഒടുവിൽ അവർ അമിത്ഷായെ നേരിൽ ക ണ്ട് അഭ്യർത്ഥിച്ചിട്ടാണ് കാര്യം ന ടന്നത്. അതിനുപകരം അമിത്ഷാ കുറേ ഡിമാന്റുകൾ അവർക്ക് മു ന്നിൽ വച്ചു. അവിടെ നിന്നും തു ടങ്ങിയതാണ് അവരുടെ പതനം. എങ്ങനെയാണ് ഭരണകക്ഷിക്ക് ടൈംസ് ഓഫ് ഇന്ത്യയെ വരുതിയിൽ നിർത്താനുള്ള ശക്തി യുണ്ടായത്. ടൈംസ് ഓഫ് ഇന്ത്യ എന്ന ബി സിനസ്സ് ഗ്രൂപ്പ് എന്താണെന്ന് നോക്കിയാൽ അതിനുത്തരം കിട്ടും. 15000ത്തോളം കമ്പനിക ളിൽ ഷെയർ ഉള്ള കമ്പനിയാണ് ടൈംസ് ഓ ഫ് ഇന്ത്യ. ഈ ഷെയർ എങ്ങനെ വന്നു. ടൈംസ് ഓഫ് ഇന്ത്യയിൽ നിങ്ങൾ കാണുന്ന പല പരസ്യങ്ങളും പരസ്യത്തുക കൊടുത്തിട്ട് വരുന്ന പരസ്യങ്ങളാണ്. പരസ്യം നൽകുന്ന കമ്പനികൾ അവരുടെ ബിസിനസിലെ ഷെ യർ ആണ് നൽകുന്നത്. അതിന്റെ ഭാഗമായ ബാർട്ടർ സംവിധാനത്തിലൂടെ വരുന്നതാണ് ഈ പരസ്യങ്ങൾ. ഈ കമ്പനികളുടെയെല്ലാം സാമ്പത്തിക വളർച്ച ടൈംസ് ഓഫ് ഇന്ത്യയു ടെ നിലനിൽപ്പിനും പ്രധാനമാണ്. ഇത്രയും സ്ഥാപനങ്ങളിൽ ഷെയർ ഉള്ളതുകൊണ്ടാണ് അവർ നമുക്ക് 5 രൂപയ്ക്ക് പത്രം തരുന്നത്. ശരിക്കും അതിന്റെ പ്രൊഡക്ഷൻ കോസ്റ്റ് 50 രൂപയോളം വരും. ബാക്കിയുള്ള പണം ആരാ ണ് കൊടുക്കുന്നത്? അത് പരസ്യദാതാക്കളാ ണ്. അതുകൊണ്ടുതന്നെ പരസ്യം കൊടുക്കു




ന്ന കോർപ്പറേറ്റ് കമ്പനികളാണ് ആ പത്രത്തെ നിയന്ത്രിക്കുന്നത്. ഇത് ടൈംസ് ഓഫ് ഇന്ത്യയുടെ മാത്രം അവസ്ഥയല്ല. എല്ലാ മുഖ്യധാരാ മാദ്ധ്യമങ്ങളുടെയും സ്ഥിതി ഇതാണ്. ഞങ്ങൾ വായനക്കാരെയും പരസ്യങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു പരസ്യക്കമ്പനിയാണെന്ന് ടൈംസ് ഓഫ് ഇന്ത്യയുടെ മുതലാളി വിനീത് ജെയിൻ അടുത്തിടെ തുറന്നു പറയുകയുണ്ടായല്ലോ. അത്തരം ഒരുപാട് പരസ്യകമ്പനികൾ  ഉള്ള നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. അവർക്ക് സ്വാഭാവികമായും അധികാരത്തെ ചോദ്യം ചെയ്യാൻ പേടിയാണ്. അതുകൊണ്ടാണ് നരേന്ദ്രമോദിക്കുവേണ്ടി അവർ നുണപ്രചരിപ്പിക്കുന്നത്. വിദ്വേഷം ഇളക്കിവിടുന്നത്. അത്തരം പ്രൊപ്പഗണ്ടകളാണ് വാർത്തകളെന്ന പേരിൽ ബഹുഭൂരിപക്ഷം ഇന്ത്യക്കാരിലേക്കും എത്തിച്ചേരുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാഴ്ച്ചക്കാരുള്ളത് രണ്ട് ടെലവിഷൻ നെറ്റ്‌വർക്കുകൾക്കാണ്. ഒന്ന് സീ ഗ്രൂപ്പാണ്. സീ ഗ്രൂപ്പ് ബി.ജെ.പിയുടെ രാജ്യസഭാ എം.പിയായ സുഭാഷ് ചന്ദ്രയുടെ ചാനലാണ്. നവീൻ ജിൻഡാൽ എന്ന മറ്റൊരു മുതലാളിയെ ബ്ലാക്ക്മെയിൽ ചെയ്യാൻ ശ്രമിച്ചതിന്റെ പേരിൽ ക്രിമിനൽ കേസിൽപ്പെട്ടയാളാണ്. സീ ഗ്രൂപ്പ് കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും വലിയ ടെലിവിഷൻ ഗ്രൂപ്പ് നെറ്റ്‌വർക്ക് 18 ആണ്. അതിന്റെ ഉടമ മുകേഷ് അംബാനിയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന പത്രമാണ് ദൈനിക് ജാഗരൺ. അതിന്റെ ഉടമസ്ഥർ മുൻ ബി.ജെ.പി എം.പിയായ നരേന്ദ്ര മോഹൻ ഗുപ്തയുടെ കുടുംബക്കാരാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ബിസിനസ്സ് ഗ്രൂപ്പാണ് അംബാനിയുടേത്. പക്ഷെ ഇലക്ഷൻ കമ്മീഷന് മുന്നിൽ രാഷ്ട്രീയ പാർട്ടികൾ കൊടുക്കുന്ന കണക്ക് പരിശോധിച്ചാൽ സംഭാവന നൽകിയവരുടെ ലിസ്റ്റിൽ മുകേഷ് അംബാനിയുടെ പേര് നിങ്ങൾക്ക് കാണാൻ കഴിയില്ല. 2012 മുതലുള്ള സംഭാവനകളുടെ കണക്ക് നോക്കിയാൽ 120 കോടി രൂപ എയർടെൽ കമ്പനിയുടെ നേതൃത്വത്തിലുള്ള ഇലക്ട്രൽ ട്രസ്റ്റ് നൽകിയിരിക്കുന്നതായി കാണാം. പക്ഷെ ഒരു രൂപ പോലും സംഭാവന നൽകിയതായി കണക്കിൽ കാണാത്ത മുകേഷ് അംബാനിയുടെ ജിയോയുടെ മുന്നിൽ എയർടെൽ തകർന്നടിയുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ടെലിഫോൺ റെഗുലേറ്ററി അതോറിറ്റിയും കേന്ദ്ര സർക്കാരും എടുക്കുന്ന എല്ലാ തീരുമാനങ്ങളും ഒരു രൂപ പോലും സംഭാവനയായി നൽകാത്ത റിലയൻസ് ജിയോയ്ക്ക് അനുകൂലമായാണ് വരുന്നത്. 120 കോടി രൂപ ഇലക്ഷൻ സംഭാവന നൽകിയ എയർടെൽ അന്തംവിട്ടു നിൽക്കുകയാണ്. ഇതാണ് നമ്മുടെ

ജനാധിപത്യം. എല്ലാം അധോലോകത്താണ് സംഭവിക്കുന്നത്. പുറമെ കാണുന്നതല്ല സത്യം. സത്യം ഐസ്ബർഗ് പോലെ കടലിനടിയിൽ കിടക്കുകയാണ്. അത് തല്ലിത്തകർക്കുന്നതുവരെ നരേന്ദ്രമോദിയെപ്പോലെയുള്ള പ്രധാനമന്ത്രിമാർ ഇനിയും ഉയർന്നുവരും.

അധികാരത്തോട് ഈവിധം സന്ധിചെയ്തിരിക്കുന്ന മാദ്ധ്യമ സ്ഥാപനങ്ങൾ ജനാധിപത്യത്തിനായി പൊരുതണം എന്ന് പറയുന്ന നമ്മളാണ് മണ്ടന്മാർ. ഇന്ത്യയിലെ ഏറ്റവും വലിയ പരസ്യദാതാക്കൾ ഗവൺമെന്റ് ഓഫ് ഇന്ത്യയാണ്. ടൈംസ് ഓഫ് ഇന്ത്യ അടക്കുള്ള മാദ്ധ്യമങ്ങളുടെ 40 ശതമാനം വരുമാനം സർക്കാർ പരസ്യങ്ങളാണ്. സർക്കാരിനെ എതിർക്കുന്നതിന്റെ പേരിൽ 'ഹിന്ദു' വിനും 'ടൈംസ് ഓഫ് ഇന്ത്യ'യ്ക്കും സർക്കാർ പരസ്യം നൽകുന്നത് ഡി.എ.വി.പി നിർത്തിവച്ചു. അപ്പോൾ സ്വാഭാവികമായും അവർ സർക്കാരിന് വഴങ്ങേണ്ടി വരും. ഈ മാദ്ധ്യമങ്ങൾ ജനാധിപത്യത്തിന് വേണ്ടി പൊരുതും എന്ന് കരുതുന്നത് ഭോഷ്കാണ്. അതാണ് ഇൻഡിപെൻഡന്റ് ജേർണലിസത്തിന്റെ പ്രസക്തി. പക്ഷെ അത്തരത്തിൽ ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി പോരാടുന്ന സ്വതന്ത്ര മാദ്ധ്യമങ്ങൾ ഇന്ത്യയിൽ വളരെ വിരളമാണ്. അതുകൊണ്ടുതന്നെ ജനാധിപത്യത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ മാദ്ധ്യമങ്ങൾക്ക് കഴിയുന്നില്ല എന്നാണ് ഞാൻ പറയുന്നത്. ജനാധിപത്യത്തിന്റെ ഭാവി ജനങ്ങളുടെ കൈകളിലാണ്. മാദ്ധ്യമങ്ങളും ജുഡീഷ്യറിയും ജനാധിപത്യത്തെ രക്ഷപ്പെടുത്തും എന്ന് ഒരു പ്രതീക്ഷയും എനിക്കില്ല. തെരുവുകളിലാണ് ഇനി ഈ രാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷ. ജനങ്ങൾ എന്ന് തെരുവിലേക്ക് വരുന്നോ അന്നുമുതൽ മാറ്റങ്ങൾ കണ്ടുതുടങ്ങും. നരേന്ദ്ര മോദിയെ താഴെയിറക്കിയതുകൊണ്ട് മാത്രം ഈ ജനാധിപത്യം രക്ഷപ്പെടില്ല. കാരണം പകരം അധികാരത്തിൽ വരാൻ കാത്തുനിൽക്കുന്നവരാരും ജനാധിപത്യത്തോട് കൂറുള്ളവരല്ല. കോർപ്പറേറ്റ് ബ്ലാക്ക്മണിയാണ് എല്ലാവരുടെയും സ്രോതസ്സ്. അതുകൊണ്ട്, ലോകത്തെല്ലായിടത്തും എല്ലാക്കാലത്തും ലിബറൽ ഫോഴ്സസ് ചെയ്തതുപോലെ തെരുവിലിറങ്ങി, കോടതി കയറിയിറങ്ങി, പോലീസ്റ്റേഷനിൽ കയറിയിറങ്ങി പോരാട്ടങ്ങൾ തുടർന്നാൽ മാത്രമേ ഇന്ത്യ എന്ന പരീക്ഷണത്തെ രക്ഷിക്കാൻ കഴിയൂ. ഇല്ലെങ്കിലും നമ്മളും മറ്റൊരു മെജോറിറ്റേറിയൻ രാജ്യമായി മാറുന്ന കാലം വിദൂരത്തല്ല. സാമ്പത്തിക ഉദാരവത്കരണം മറ്റ് രാജ്യങ്ങളിൽ നടപ്പിലായപ്പോൾ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് അവിടെ ശക്തമായിരുന്നു. എന്നാൽ ഇന്ന് ബസ്തർ അടക്കം പല സ്ഥലങ്ങളിലും സഞ്ചരിക്കുമ്പോൾ എനിക്ക് തോന്നിയിട്ടുള്ളത് കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥരുടെ വിചാരം അദാനിക്ക് നന്നായി ഖനനം ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുക്കുകയാണ് തന്റെ ജോലി എന്നാണ്. ഐഡിയ ഓഫ് ഇന്ത്യ തകർച്ച നേരിട്ടുതുടങ്ങിയിട്ട് ഒരുപാട് കാലമായി എന്ന് പറയാൻ കാരണം അതാണ്. വർഷങ്ങളായി നടക്കുന്ന ആ പ്രക്രിയയുടെ അനന്തരഫലങ്ങൾ ഇപ്പോൾ കണ്ടുതുടങ്ങിയെന്ന് മാത്രം. അതുകൊണ്ടുതന്നെ 'ഐഡിയ ഓഫ് ഇന്ത്യ' തിരിച്ചുപിടിക്കുക എന്നത് ഒന്നോ രണ്ടോ തലമുറ നീണ്ടുനിൽക്കുന്ന ഒരു സമരമാണ്. വളരെ സങ്കീർണ്ണമായ ഒരു സമരം. ജനാധിപത്യ സ്ഥാപനങ്ങളെക്കുറിച്ചുള്ള സങ്കൽപ്പം തന്നെ പരിവർത്തനപ്പെട്ടുകഴിഞ്ഞു. മൻമോഹൻ സിംഗ് അടക്കമുള്ളവർ തുടങ്ങിവയ്ക്കുകയും മോദി തുടരുകയും ചെയ്യുന്ന പരിവർത്തനപ്പെടുത്തൽ. അതുകൊണ്ടാണ് സമയമെടുത്തുതന്നെ അത് തിരിച്ചുപിടിക്കണമെന്ന് പറയുന്നത്. ചെറിയ ഗ്രൂപ്പുകൾ ലോബിയിംഗിൽ വളരെ ശക്തരാണ്. അതായത്, പഞ്ചസാര കഴിക്കുന്നവരാണ് ഇന്ത്യയിൽ കൂടുതലുള്ളത്. പക്ഷെ അതേ പഞ്ചസാരയുണ്ടാക്കുന്ന കുറച്ചുപേർ അത് കഴിക്കുന്ന വലിയ ജനസമൂഹത്തേക്കാൾ ശക്തരായിരിക്കും എന്നതാണ് സ്ഥിതി. ആ സ്ഥലത്ത് നമുക്ക് എങ്ങനെ ഇടപെടാം എന്ന് ഓരോരുത്തരും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. മാദ്ധ്യമ പ്രവർത്തനമാണ് എനിക്ക് പരിചിതമായ വഴി എന്നതിനാൽ ഞാൻ ആ മേഖലയിൽ ഇടപെടാൻ ശ്രമിക്കുന്നു. അങ്ങനെ ഓരോരുത്തരും അവർക്ക് അനുയോജ്യമായ പല വഴികൾ കണ്ടെത്തുകയും ഇടപെടുകയുമാണ് വേണ്ടത്. ■

**കേരളീയം**
**വരിസംഖ്യ അയയ്ക്കുമല്ലോ**

**വാർഷിക വരിസംഖ്യ (12 ലക്കം) :**
**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**
**വിദേശത്തേക്ക് : 1200 രൂപ.**
**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**
**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943